LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖലാ സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 1720682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. നോട്ട് അസാധുവാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ അസൗകര്യം ലഘൂകരിക്കുന്നതിനായി 2017 മാർച്ച് 31 വരെ റവന്യൂ റിക്കവറി/ജപ്തി ഉൾപ്പെടെയുള്ള നടപടികൾക്ക് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം യഥാക്രമം വായ്പ തീർപ്പാക്കുന്ന ഇടപാടുകാർക്ക് പ്രസ്തുത സാമ്പത്തിക വർഷം തിരിച്ചടച്ച പലിശയുടെ 10% ഇളവ് അനുവദിക്കുകയും, കുടിശ്ശിക വായ്പക്കാർക്ക് ഇളവുകൾ നൽകുകയും ചെയ്യുന്ന "നവ കേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2017" , നടപ്പാക്കുകയുണ്ടായി. ഇത് സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ബാങ്കിടപാടുകൾ സാധ്യമാക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്.

**വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം**

20 (*50) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം പ്രയോജനപ്പെടുത്തുന്നതിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭി-ക്കുന്നതിനുമുള്ള നടപടികൾ ലളിതമാക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വിവിധ വകുപ്പുകളുമായി കൂടിയാലോചന നടത്തിയിട്ടുണ്ടോ;

(സി) വ്യവസായ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി വ്യാപകമാക്കുന്നതിന്റെ ഭാഗമായി വെബ്സൈറ്റ് നവീകരിച്ചിട്ടുണ്ടോ;

(ഡി) സംരംഭക സഹായക പദ്ധതി ഓൺലൈൻ വഴി നടപ്പാക്കൽ, ഏകജാലകം, ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ സംബന്ധിച്ച വിവരങ്ങൾ ഉടങ്ങിയവ നവീകരിച്ച വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ & ബി) ഉണ്ട്.

(സി&ഡി) ഉണ്ട്. സംരംഭക സഹായക പദ്ധതി, ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ, വ്യവസായ ഏകജാലകം എന്നിവ ഉൾപ്പെടുത്തി നിലവിലുണ്ടായിരുന്ന വെബ്സൈറ്റ് കാലോചിതമായ മാറ്റങ്ങൾ വരുത്തി www.industry.kerala.gov.in എന്ന പേരിലാക്കി മാറ്റി പരിഷ്കരിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര മേഖലയ്ക്കുണ്ടായ തിരിച്ചടി**

21 (*51) ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ വിനോദസഞ്ചാര സാദ്ധ്യതകളെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ടൂറിസം സീസൺ ആരംഭിച്ചശേഷം വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷത്തേക്കാൾ എത്രത്തോളം കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര മേഖലയ്ക്ക് ഉണ്ടായ തിരിച്ചടിയിൽ തകർന്നുപോയ സംരംഭകർക്കുണ്ടായ സാമ്പത്തികഭാരത്തിന് ആശ്വാസം പകരാൻ നികുതി ഇളവുകൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) 2016 നവംബർ 8 അർദ്ധരാത്രി മുതൽ നിലവിൽ വന്ന 500-ന്റെയും 1000-ന്റെയും നോട്ട് അസാധുവാക്കൽ നടപടി ടൂറിസം മേഖലയെ എത്രത്തോളം ബാധിച്ചു എന്ന് മനസ്സിലാക്കുന്നതിലേയ്ക്കായി ഒരു "ക്വിക്ക് സർവ്വേ" 2016

LIBRARY ARCHIVES Kerala Legislative Assembly